"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 'വർക്കല മാസ്റ്റർ പ്ലാൻ 2041' കരട് പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർഡി) വകുപ്പ്

സ.ഉ.(കൈ) നം.205/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

പരാമർശം:-

1. 31.08.2022 തീയതിയിലെ വർക്കല നഗരസഭാ കൗൺസിൽ തീരുമാനം നം.4.
2. 04.11.2022 തീയതിയിലെ കേരള അസാധാരണ ഗസറ്റ്, വാല്യം 11, നമ്പർ 3747.
3. 29.09.2025 തീയതിയിലെ വർക്കല നഗരസഭാ കൗൺസിൽ തീരുമാനം നം.17(1).
4. വർക്കല നഗരസഭാ സെക്രട്ടറിയുടെ 18.10.2025 തീയതിയിലെ Pw2/5191/2020 നമ്പർ കത്ത്.
5. 17.10.2025 തീയതിയിലെ കേരള അസാധാരണ ഗസറ്റ്, വാല്യം 14, നമ്പർ 3686.
6. മുഖ്യനഗരാസൂത്രക (പ്ലാനിംഗ്)-ന്റെ 29.10.2025 തീയതിയിലെ LSGD/PD/23160/2025-TCPB4 നമ്പർ കത്ത്.

ഉത്തരവ്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36 ഉപവകുപ്പ് (1) പ്രകാരം, വർക്കല നഗരസഭ പ്രദേശത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗിന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ വർക്കല മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടെ സ്വീകരിക്കുവാൻ വർക്കല നഗരസഭ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 32 പ്രകാരം മാസ്റ്റർ പ്ലാൻ കമ്മിറ്റി/സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിൻറെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം ഫാറം II-ൽ പരാമർശം (2) പ്രകാരം നഗരസഭ വിജ്ഞാപനം ചെയ്യുകയും ആസൂത്രണ പ്രദേശത്ത് പ്രചാരമുള്ള രണ്ട് വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിൽ അംഗീകരിച്ച കരട് മാസ്റ്റർ പ്ലാൻ റിപ്പോർട്ടും മാപ്പുകളും പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരണ അനുമതിക്കായി പരാമർശം (4) പ്രകാരം, ഉചിതമാർഗ്ഗേന സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (2) പ്രകാരമുള്ള വിജ്ഞാപനത്തിനു ശേഷം, ആക്ടിലെ സെക്ഷൻ 36(2)

പ്രകാരമുള്ള നിയമാനുസൃത രണ്ട് വർഷകാലാവധി അധികരിച്ചതിനാൽ വർക്കല മാസ്റ്റർപ്ലാൻ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യം പുന:പ്രസിദ്ധീകരിക്കുന്നതിനു പരാമർശം (3) പ്രകാരം വർക്കല നഗരസഭ തീരുമാനിക്കുകയും ആയതിനുള്ള ഉദ്ദേശ്യം ഫാറം II-ൽ, പരാമർശം (5) പ്രകാരം വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. വർക്കല നഗരസഭയ്ക്കായി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ - "വർക്കല മാസ്റ്റർ പ്ലാൻ 2041" പ്രസിദ്ധീകരിക്കുന്നതിനായി കേരള നഗര-ഗ്രാമാസൂത്രണ ആക്ട്ട് 2016, വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിൻറെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരമുള്ള സർക്കാർ അനുമതി നൽകുന്നതിന് മുഖ്യനഗരാസൂത്രക (പ്ലാനിംഗ്) പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്കല നഗരസഭാ കൗൺസിലിന്റെ തീരുമാനവും മുഖ്യനഗരാസൂത്രക (പ്ലാനിംഗ്)-ന്റെ ശിപാർശയും പരിഗണിച്ച് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്ട്, വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം കരട് 'വർക്കല മാസ്റ്റർ പ്ലാൻ 2041' പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
2. മുഖ്യനഗരാസൂത്രക (പ്ലാനിംഗ്), തിരുവനന്തപുരം.
3. സെക്രട്ടറി, വർക്കല നഗരസഭ.
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (RD3/118/2025-LSGD).

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S.
സെക്ഷൻ ഓഫീസർ
Date: 06-11-2025 15:17:18